## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2277 — 23.03.2012-ൽ മറുപടിയ്ക്ക്

### ദേശീയഗെയിംസിനുള്ള തയ്യാറെടുപ്പുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ഹൈബി ഈഡൻ<br>ശ്രീ..എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.പാലോട് രവി<br>ശ്രീ.ലൂഡി ലൂയിസ് | ശ്രീ.കെ.ബി.ഗണേഷ്കുമാർ<br>(വനവും, സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) ദേശീയഗെയിംസിന് ആതിഥ്യം വഹിക്കുവാൻ ഏതെല്ലാം തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ട് ; വിശദമാക്കുമോ ; | (എ) കേരളം ആതിഥ്യം വഹിക്കുന്ന 35-ാമത് ദേശീയ ഗെയിംസിന്റെ ഭൗതികസാഹചര്യ വികസനം, നടത്തിപ്പ്, നിരീക്ഷണം, ഏകോപനം, എന്നിവയ്ക്കായി **'നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിന്'** രൂപം നൽകി പ്രവർത്തിച്ചുവരുന്നു. മുഖ്യമന്ത്രി ചെയർമാനായി ഒരു ഓർഗനൈസിംഗ് **കമ്മിറ്റി,** കായിക വകുപ്പുമന്ത്രി ചെയർമാനായി ഒരു എംപവേർഡ് കമ്മിറ്റി, കൂടാതെ സ്പോർട്സ് ടെക്നിക്കൽ കമ്മിറ്റി, വർക്സ് ടെക്നിക്കൽ കമ്മിറ്റി എന്നിവയും പ്രവർത്തിച്ചു വരുന്നു.<br><br>ദേശീയ ഗെയിംസിനായുള്ള അടിസ്ഥാന സൗകര്യ വികസനത്തിന്റെ പ്രവർത്തനങ്ങൾ രണ്ടായി തരംതിരിച്ചിട്ടുണ്ട്. (1) നിലവിലുള്ള സ്റ്റേഡിയങ്ങളുടെ നവീകരണം (2) പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണവും കായികതാരങ്ങൾക്കും മറ്റു ഒഫീഷ്യലുകൾക്കും താമസസൗകര്യമൊരുക്കലും.<br><br>സ്റ്റേഡിയങ്ങൾ പുതുക്കി പണിയുന്നതും, പുനരുദ്ധരിക്കുന്നതും, പുതുതായി നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് കേരളത്തിലെ ഏഴ് ജില്ലകളിൽ 31 വേദികൾ തിരഞ്ഞെടുത്തിട്ടുള്ളതിൽ 8 എണ്ണം പുതിയനിർമ്മാണവും, 8 എണ്ണം താൽക്കാലിക വേദികളും, 15 എണ്ണം പുനരുദ്ധാരണവുമാണ്. ഇതിൽ 16 പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുള്ളതും പണി പുരോഗമിച്ചുവരികയുമാണ്. 2 പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ നടന്നുവരുന്നു. ഇനി 5 പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ ചെയ്യേണ്ടതുണ്ട്. 8 താല്ക്കാലിക വേദികളുടെ പണി ഗെയിംസ് തുടങ്ങുന്നതിന് ആറുമാസം മുൻപ് ആരംഭിക്കുന്നതുമാണ്. |

| | | | |
|---|---|---|---|
| (ബി) | ഇതിനായി എത്ര ഗ്രീൻ ഫീൽഡ് സ്റ്റേഡിയങ്ങൾ നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | 35-ാമത് ദേശീയഗെയിംസിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട താഴെ പറയുന്ന 4 അന്താരാഷ്ട്ര നിലവാരത്തിലുള്ള ഗ്രീൻഫീൽഡ് സ്റ്റേഡിയങ്ങൾ നിർമ്മിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്.<br><br>1. മെയിൻ ഗ്രീൻ ഫീൽഡ് സ്റ്റേഡിയം, യൂണിവേഴ്സിറ്റി ക്യാമ്പസ്, കാര്യവട്ടം.<br>2. ഗ്രീൻ ഫീൽഡ് ഇൻഡോർ സ്റ്റേഡിയം പോളിടെക്നിക്ക്, വട്ടിയൂർക്കാവ്.<br>3. ഗ്രീൻ ഫീൽഡ് സെൻട്രൽ സ്റ്റേഡിയം, തിരുവനന്തപുരം.<br>4. ഗ്രീൻ ഫീൽഡ് ഇൻഡോർ സ്റ്റേഡിയം, ചേവായൂർ, കോഴിക്കോട്. |
| (സി) | ഇതിനുവേണ്ടിയുള്ള ഗെയിംസ് വില്ലേജിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ? | (സി) | തിരുവനന്തപുരം കേന്ദ്രമാക്കി 5000-ത്തിൽപരം ആളുകൾക്ക് താമസിക്കുവാനുള്ള ഗെയിംസ് വില്ലേജ് നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. പ്രീ ഫാബ് ടെക്നോളജി ഉപയോഗിച്ചുള്ള പ്രീ ഫാബ്രിക്കേറ്റഡ് ഹോംസ് നിർമ്മിക്കുവാനുമാണ് ഉദ്ദേശിക്കുന്നത്. ഈ രംഗത്ത് സാങ്കേതിക വൈദഗ്ദ്ധ്യം ലഭിച്ചവരിൽ നിന്നും താല്പര്യ പത്രം ക്ഷണിക്കുകയും, യോഗ്യരായവർക്ക് തിരുവനന്തപുരം ജില്ലയിൽ 30 ദിവസത്തിനകം മോക്ക് യൂണിറ്റ് നിർമ്മിക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.